ഉത്തരം

(എ) 369 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മൊബൈൽ ഫോൺ ദുരുപയോഗം തടയുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ബോധവൽക്കരണക്ലാസുകൾ നടത്തി വരുന്നുണ്ട്. അതുപോലെ പത്ര ദൃശ്യ മാധ്യമങ്ങൾ വഴി മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നത് കുറ്റകരമാണെന്നും അതിനുള്ള ശിക്ഷയെക്കുറിച്ചുള്ള വിവരങ്ങളും ഇടയ്ക്കിടെ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്.

സ്ത്രീകൾ പ്രതികളാവുന്ന കുറ്റകൃത്യങ്ങൾ

37 (1779) ശ്രീ. പി. വിജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകൾ പ്രതികളാവുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, പണം തട്ടിപ്പ്, വിസ തട്ടിപ്പ് എന്നിങ്ങനെ സ്ത്രീകൾ പ്രതികളായുള്ള എത്ര കേസുകൾ കഴിഞ്ഞ 5 വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തെ സഹായിക്കാൻ പദ്ധതി

38 (1780) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തെ സഹായിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞുവോ ; വിശദാംശങ്ങൾ നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രാഥമികമായി എത്ര കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ; ഈ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചുവോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് ഇതിനോടകം സഹായം നൽകാൻ കഴിഞ്ഞു ; ആയതിലേക്ക് എത്ര തുക വിനിയോഗിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കരട് പദ്ധതി തയ്യാറാക്കി വരുന്നു. ഹൈക്കോടതി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ് എന്നിവരുടെ അഭിപ്രായം കൂടി പരിശോധിച്ചശേഷം മാത്രമേ പദ്ധതിക്ക് അന്തിമ രൂപം നൽകാൻ കഴിയൂ.

അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റംമൂലമുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ

39 (1781) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തുനിന്ന് ധാരാളം തൊഴിലാളികൾ കുടിയേറി പാർക്കുന്നതുമൂലം സംസ്ഥാനത്തെ ക്രമസമാധാന രംഗത്തുണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഇങ്ങനെ താമസിക്കുന്നവരുടെ വിവരം ശേഖരിക്കാനും അവരെ നിരീക്ഷിക്കാനും എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ ;

(ഡി) കൊണ്ടോട്ടി സർക്കിൾ ഇൻസ്പെക്ടറുടെ പരിധിയിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കൊല ചെയ്യപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ ; ഇതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വ്യാജ പ്രചാരണത്തിനെതിരായ നടപടി

40(1782) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനത്തെ തെരഞ്ഞെടുപ്പ് വേളയിൽ, കരിമ്പം പുഴയിൽ (കുറുമാത്തൂർ, തളിപ്പറമ്പ്) മൃതദേഹം കണ്ടതുമായി ബന്ധപ്പെട്ട പത്രവാർത്തയുടെ പേരിൽ വ്യാജപ്രചാരണം നടത്തിയതിനെപ്പറ്റി അന്വേഷണം നടത്തുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly